# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നം. 4886**

24.07.2015- ൽ
മറുപടി.

## ആലപ്പുഴ മെഡിക്കൽ കോളേജ്

**ചോദ്യം**

ശ്രീ.ജി.സുധാകരൻ

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ ബഹു. മുഖ്യമന്ത്രി വിളിച്ചു കൂട്ടിയ യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത യോഗ തീരുമാനത്തിന്റെ നടപടിക്കുറിപ്പ് ലഭ്യമാക്കുമോ ?

**ഉത്തരം**

ശ്രീ. വി.എസ്.ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) & (ബി) ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനായി, 08.07.2015-ൽ ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിലെ തീരുമാനങ്ങൾ ഉൾക്കൊള്ളുന്ന നടപടിക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

**ആലപ്പുഴ ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനായി ബഹു. മുഖ്യമന്ത്രി 08.07.2015-ൽ ബഹു. ആരോഗ്യവും ദേവസ്വവും വകുപ്പുമന്ത്രിയുടേയും ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ കൂടിയ യോഗത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.**

1. ആലപ്പുഴ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നീ തസ്തികകളിൽ ഒഴിവുള്ളവയിൽ ഉടൻ നിയമനം നടത്തുന്നതാണ്. പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ തസ്തികകളിലേയ്ക്ക് ട്രാൻസ്ഫർ/പ്രൊമോഷൻ വഴിയും അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ വഴിയും ഉടൻ നിയമനം നടത്തുന്നതിനും തീരുമാനിച്ചു.

2. പി.ജി.കോഴ്സുകൾക്ക് അംഗീകാരം ലഭിക്കുന്നതിനായി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിക്കുന്ന പ്രകാരമുള്ള എണ്ണം അദ്ധ്യാപകരെ സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും നിയമിക്കുന്നതിനും കുറവുള്ള തസ്തികകൾ പുതുതായി സൃഷ്ടിക്കാനും തീരുമാനിച്ചു. ഇതിനായി അത്യന്താപേക്ഷിതമായും സൃഷ്ടിക്കേണ്ട തസ്തികകൾ കണ്ടെത്തി ഉചിതമായ പ്രൊപ്പോസൽ സമർപ്പിക്കാൻ ഡി.എം.ഇ യോട് നിർദ്ദേശിച്ചു.

3. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആലപ്പുഴയിലും മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിലും ഇപ്പോൾ അനുഭവപ്പെടുന്ന സീനിയർ റെസിഡന്റുമാരുടെ കുറവ് ആശുപത്രിയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. മാത്രമല്ല മെഡിക്കൽ കൗൺസിൽ അംഗീകാരത്തിന് ഇത് തടസ്സമാകുന്നതായും ബോധ്യപ്പെട്ടു. ഈ സാഹചര്യത്തിൽ ഓരോ മെഡിക്കൽ കോളേജിലും മതിയായ എണ്ണം സീനിയർ റെസിഡന്റുമാരെ നിയമിക്കുന്നതിന് അതാത് പ്രിൻസിപ്പൾമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല കരാറടിസ്ഥാനത്തിൽ സീനിയർ റെസിഡന്റുമാരായി സേവനം ചെയ്യുന്നവർക്കുകൂടി ഉയർന്നനിരക്കിലുള്ള പ്രതിഫലത്തിന് (50000/- രൂപ) അർഹരായിരിക്കും. കൂടാതെ 20%-ത്തിൽ കൂടുതൽ സീനിയർ

റെസിഡന്റുമാരുടെ കുറവ് അനുഭവപ്പെടുന്ന മെഡിക്കൽ കോളേജുകളിൽ പ്രതിഫലം 60000/- രൂപ നൽകുന്നതാണ്.

4. സീനിയർ റെസിഡൻസി പ്രോഗ്രാമിന്റെ ഭാഗമായി പി.ജി. ഡോക്ടർമാർ അവരുടെ പഠനത്തോടനുബന്ധിച്ച് ഒരു വർഷത്തെ നിർബന്ധ സേവനം യോഗ്യതാമാനദണ്ഡമായി ഉൾപ്പെടുത്തുന്നതിന് സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യാൻ തീരുമാനിച്ചു. ഇതു സംബന്ധിച്ച പ്രൊപ്പോസൽ ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായത്തോടുകൂടി മന്ത്രിസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

5. കോളേജ് കോമ്പൗണ്ടിൽ തകർന്നു കിടക്കുന്ന റോഡുകൾ അടിയന്തിരമായി റിപ്പെയർ ചെയ്ത് ഗതാഗതയോഗ്യമാക്കാൻ തീരുമാനിച്ചു. ഇതിനായി പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തി.

6. കോളേജിന്റെ അതിർത്തിയിൽ അനധികൃത കൈയ്യേറ്റം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ കോളേജ് കോംമ്പൗണ്ട് തിരിച്ച് ചുറ്റുമതിൽ നിർമ്മിക്കുവാൻ തീരുമാനിച്ചു. ഇതിനായി ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് ഉചിതമായ നടപടി സ്വീകരിക്കുവാൻ പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തി.

6.. കോളേജിൽ ശുചീകരണ തൊഴിലാളികളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായ പുറംകരാറിലൂടെ ആവശ്യമുള്ള ജീവനക്കാരെ നിയമിക്കുന്നതിനായി ആശുപത്രി സൂപ്രണ്ടിനെയും പ്രിൻസിപ്പാളിനേയും ചുമതലപ്പെടുത്തി.

8. സ്റ്റാഫ് നേഴ്സുമാരുടെ കുറവ് നികത്തുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമായി ബന്ധപ്പെട്ട് നിയമനം നടത്താൻ പ്രിൻസിപ്പളിന് നിർദ്ദേശം നൽകി.

9. ഐ.സി യൂണിറ്റ്, കോബാൾട്ട് യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിനായി അക്രെഡിറ്റഡ് ഏജൻസികളുമായി ബന്ധപ്പെട്ട് പരിഹാരം കാണുന്നതിനായി ആശുപത്രി സൂപ്രണ്ടിനെയും പ്രിൻസിപ്പാളിനെയും ചുമതലപ്പെടുത്തി.

10. കോളേജ് പരിസരത്തെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ടെൻഡർ മുഖാന്തിരം കോൺട്രാക്ടർമാർ തയ്യാറായില്ലെങ്കിൽ ആയത് ഏറ്റെടുക്കുവാൻ തയ്യാറായ കോൺട്രാക്ടർമാരെ ഏൽപ്പിക്കുവാനും നിശ്ചിത

സമയപരിധിക്കുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാനും പൊതുമരാമത്ത് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

11. സെൻട്രൽ ലൈബ്രറി താൽക്കാലികമായി സ്ഥാപിക്കുന്നതിനായി വേണ്ട അനുമതി പ്രിൻസിപ്പാളിന് നൽകുവാൻ തീരുമാനിച്ചു.

12. കോളേജിന്റെയും ആശുപത്രിയുടെയും പ്രവർത്തനങ്ങൾക്കായി ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക മുൻകാലങ്ങളിലേക്കാൾ കുറവായതിനാൽ കൂടുതൽ തുക അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പ് നടപടികൾ സ്വീകരിക്കുന്നതാണ്.

13. 'ബേൺസ് യൂണിറ്റ്' സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു. ഇതിനായി പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തി.